# കേരള കാർഷിക സർവകലാശാല
## കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ

സി ആർ എം(അക്കൗ)2356/2023      മാടക്കത്തറ, തീയതി 26/12/2023

## നാളികേരം വിളവെടുപ്പ് പുനർ ക്വൊട്ടേഷൻ/ലേലം നോട്ടീസ്

കേരള കാർഷിക സർവ്വകലാശാലയുടെ മാടക്കത്തറ കശുമാവ് ഗവേഷണകേന്ദ്രത്തിലെ നല്ല കായ്ഫലം തരുന്ന ഏകദേശം 150 തെങ്ങുകളിൽ നിന്ന് ജനുവരി മുതൽ ഡിസംബർ വരെയുള്ള ഒരു വർഷ കാലയളവിലേക്ക് കരിക്കും നാളികേരവും വിളവെടുക്കുവാനുള്ള അവകാശത്തിനായി താൽപ്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും മുദ്ര വച്ച കവറിൽ ക്വൊട്ടേഷൻ/ലേലം ക്ഷണിക്കുന്നു.

ക്വൊട്ടേഷൻ/ ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി 1000 രൂപ (ആയിരം രൂപ മാത്രം) 2024 ജനുവരി 3 ന് രാവിലെ 11.00 മണിക്കു മുമ്പായി കെട്ടിവയ്ക്കേണ്ടതാണ്.

03/01/2024 ന് രാവിലെ 11.30 മണിയ്ക്ക് മുദ്ര വച്ച ക്വൊട്ടേഷനുകൾ തുറക്കുന്നതുമാണ്. കൂടുതൽ തുക നിർദ്ദേശിച്ചിട്ടുള്ള വ്യക്തിയുടെ പേരിൽ ഗവേഷണ കേന്ദ്രം മേധാവിയുടെ യുക്താനുസരണം ക്വൊട്ടേഷൻ ഉറപ്പിക്കുന്നതാണ്.

ക്വൊട്ടേഷനിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഫാമിലെ നാളികേര തോട്ടങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 9 മുതൽ വൈകിട്ട് 4 മണി വരെ ഫാം സൂപ്രണ്ടിന്റെ മുൻകൂർ അനുമതിയോടുകൂടി സന്ദർശിക്കാവുന്നതാണ്.

| സ്ഥലം | കശുമാവ് ഗവേഷണകേന്ദ്രം, മാടക്കത്തറ |
|---|---|
| വസ്തു | ഏകദേശം 150 തെങ്ങുകളിൽ നിന്നും ഉൽപ്പാദിപ്പിക്കപ്പെടുന്ന നാളികേരം |
| കാലയളവ് | ജനുവരി 2024 മുതൽ ഡിസംബർ 31, 2024 വരെ |
| ക്വൊട്ടേഷൻ തുറക്കുന്ന സമയം | 03/01/2024 രാവിലെ 11.30 മണി |
| നിരതദ്രവ്യം | 1000/- |

<u>നിബന്ധനകൾ</u>

1. ക്വൊട്ടേഷൻ/ലേല തുക വളരെ വ്യക്തമായി അക്കത്തിലും അക്ഷരത്തിലും എഴുതിയിരിക്കണം. ക്വൊട്ടേഷനുകൾ അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ് ഇൻ-ചാർജ്ജ്, കശുമാവ് ഗവേഷണകേന്ദ്രം, മാടക്കത്തറ എന്ന പേരിൽ ആയിരിക്കേണ്ടതാണ്. ക്വൊട്ടേഷനുകൾ തുറക്കുന്ന സമയത്ത് നിരതദ്രവ്യം അടച്ചിട്ടുണ്ടാകണം.
2. ക്വൊട്ടേഷൻ കവറിന് പുറത്ത് "നാളികേരം വിളവെടുക്കുന്നതിനുള്ള ക്വൊട്ടേഷൻ" എന്ന് വ്യക്തമായി എഴുതിയിരിക്കണം.ക്വൊട്ടേഷനറുടെ പേരും മേൽവിലാസവും കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടതാണ്.
3. ക്വൊട്ടേഷൻ സമർപ്പിച്ചിട്ടുള്ളവർക്ക് താത്പര്യമുണ്ടെങ്കിൽ പരസ്യലേലത്തിൽ പങ്കെടുക്കാവുന്നതാണ്.
4. വിളവെടുക്കാനുള്ള കാലവധി കരാർ ഒപ്പിട്ട തിയതി മുതൽ 31/12/2024 വരെയായിരിക്കും.
5. ക്വൊട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നവർ അംഗീകൃത തിരിച്ചറിയൽ കാർഡ്, പാൻ കാർഡ് നിർബന്ധമായും ഹാജരാക്കണം.
6. തെങ്ങിന്റെ ക്വൊട്ടേഷൻ/ലേലം ഉറപ്പിക്കുന്ന ആൾ തുകയുടെ മൂന്നിൽ ഒരു ഭാഗം അപ്പോൾ തന്നെ കെട്ടിവയ്ക്കേണ്ടതാണ്. ബാക്കി തുക ലേലം ഉറപ്പിച്ച തിയതി മുതൽ 7 ദിവസത്തിനുള്ളിൽ അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം ക്വൊട്ടേഷൻ റദ്ദു ചെയ്യുന്നതും ക്വൊട്ടേഷനിൽ ഉണ്ടാകുന്ന നഷ്ടം ആദ്യ ക്വൊട്ടേഷൻ ഉറപ്പിച്ചു കിട്ടിയ ആളിൽ നിന്നും ഈടാക്കുന്നതുമാണ്.
7. ക്വൊട്ടേഷൻ ലഭിക്കുന്ന വ്യക്തി 10/01/2024 നു മുൻപായി ലേല തുകയുടെ 5% സെക്യൂരിറ്റി നിക്ഷേപമായി ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.നിരതദ്രവ്യവും സെക്യൂരിറ്റി തുകയും പണം/ചെക്ക്/ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന അടയ്ക്കേണ്ടതാണ്.

8. തെങ്ങിന്റെ വിളവെടുപ്പ് ദിവസം മുൻകൂട്ടി അറിയിക്കേണ്ടതും ഫാം സൂപ്രണ്ട് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ വിളവെടുപ്പ് നടത്തേണ്ടതുമാണ്. ഓരോ വിളവെടുപ്പിലും ലഭിക്കുന്ന നാളികേരത്തിന്റെ എണ്ണം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തിയതിനുശേഷം മാത്രമേ പുറത്ത് കൊണ്ടുപോകുവാൻ പാടുള്ളൂ.

9. ക്വൊട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന ആൾ ക്വൊട്ടേഷൻ നിബന്ധനകൾ പാലിക്കാത്ത പക്ഷം അടച്ച തുക മുഴുവൻ സർവ്വകലാശാലയുടെ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതുൾപ്പെടെയുള്ള മേൽ നടപടികൾക്ക് വിധേയനാകും.

10. വിളവെടുപ്പ് കാലാവധി തീരുന്നതിന് 90 (തൊണ്ണൂറ്) ദിവസത്തിനുമുമ്പുവരെ മാത്രമേ കരിക്ക് വെട്ടിയെടുക്കുവാൻ പാടുള്ളൂ(30/09/2024 വരെ). ഏഴു മാസത്തിൽ മൂപ്പുകുറഞ്ഞ തേങ്ങകൾ/കരിക്കുകൾ വെട്ടുവാൻ പാടുള്ളതല്ല. മൂപ്പെത്തിയ നാളികേരം കരാർ കാലാവധി തീരുന്നതിന് ഒരു മാസം മുമ്പു വരെ മാത്രമേ വിളവെടുക്കാൻ പാടുള്ളൂ(30/11/2024) മറിച്ച് ചെയ്യുന്നപക്ഷം കരാർ റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

11. വിളവെടുക്കുമ്പോൾ ഫാമിലെ വസ്തുവകകൾക്കോ, തെങ്ങിലെ ഇടവിളകൾക്കോ, മറ്റു വിളകൾക്കോ കേടുപാടുകൾ വരുത്താൻ പാടില്ല. മറിച്ച് സംഭവിക്കുന്ന പക്ഷം ഉണ്ടാകുന്ന നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.

12. ലേലം ഉറപ്പിച്ച് കിട്ടുന്ന ആളിന്റെ നിരതദ്രവ്യവും സെക്യൂരിറ്റി ഡെപ്പോസിറ്റും 31/12/2024 ന് ശേഷമേ ഓഫീസിൽ നിന്നും തിരികെ നൽകൂ (നിബന്ധന 10 ബാധകം).

13. ഓരോ ദിവസവും വിളവെടുക്കുന്ന തേങ്ങ അപ്പോൾ തന്നെ ഓഫീസിൽ നിന്നും ഗേറ്റ് പാസ് വാങ്ങി കൊണ്ടു പോകേണ്ടതാണ്. ഫാമിൽ സൂക്ഷിക്കുവാൻ പാടുള്ളതല്ല. അവധി ദിവസങ്ങളിൽ വിളവെടുപ്പ് അനുവദിക്കുന്നതല്ല.

14. വിളവെടുപ്പ് സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും ആയിരിക്കണം. തേങ്ങയും, കരിക്കും വൈകീട്ട് 4 മണിക്ക് ശേഷം ഫാമിൽ നിന്നും കൊണ്ടുപോകുവാൻ അനുവദിക്കുന്നതല്ല.

15. തെങ്ങിൽ നിന്ന് തേങ്ങ അല്ലാതെ പട്ട, കൊതുമ്പ് പോലുള്ള മറ്റൊരു ഉൽപ്പന്നത്തിനും ലേലം ഉറപ്പിച്ച് കിട്ടുന്ന ആൾക്ക് യാതൊരു വിധ അധികാരവും ഉണ്ടായിരിക്കുന്നതല്ല.

16. രൂക്ഷമായ രോഗകീടബാധമൂലമോ ഈ സ്ഥാപനത്തിന്റെയോ സർക്കാരിന്റെയോ വികസന പരിപാടികൾക്ക് വേണ്ടിയോ ഏതെങ്കിലും തെങ്ങുകൾ വെട്ടിമാറ്റേണ്ടതുണ്ടെങ്കിൽ അതിനുള്ള അവകാശവും, യഥാസമയങ്ങളിൽ വിളപരിപാലനത്തിനും തെങ്ങിന്റെ മണ്ട വൃത്തിയാക്കുന്നതിനുമുള്ള അവകാശവും ഈ ഓഫീസിന് ഉണ്ടായിരിക്കുന്നതാണ്. ആയത് ലേല വ്യവസ്ഥകളെ ബാധിക്കുന്നതല്ല.

17. ക്വൊട്ടേഷൻ സംബന്ധമായ അന്തിമ തീരുമാനമെടുക്കുവാനും ലേലം റദ്ദ് ചെയ്യാനും മാറ്റി വയ്ക്കാനുമുള്ള അധികാരം ഗവേഷണകേന്ദ്രം മേധാവിയിൽ നിക്ഷിപ്തമായിരിക്കും. മറ്റ് എല്ലാ സർക്കാർ ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്.

18. ലേലം കൊണ്ട വ്യക്തി മേൽപ്പറഞ്ഞ എല്ലാ നിബന്ധനകൾ അടങ്ങിയ ഉടമ്പടി 200/- രൂപ മുദ്രപ്പത്രത്തിൽ എഴുതി സാക്ഷികൾ സഹിതം ഒപ്പിട്ട് ആദ്യ വിളവെടുപ്പിന് മുൻപായി നൽകേണ്ടതാണ്.

19. ഏതെങ്കിലും സാഹചര്യത്തിൽ ക്വൊട്ടേഷൻ 03/01/2024 ന് നടത്താൻ സാധിക്കാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തി ദിവസം നിശ്ചയിച്ച സമയത്ത് തന്നെ ക്വൊട്ടേഷൻ/ലേലം നടത്തുന്നതായിരിക്കും.

20. ക്വൊട്ടേഷൻ സമർപ്പപിക്കുന്ന വ്യക്തിയുടെ ആധാർ കാർഡിന്റെ കോപ്പി ക്വൊട്ടേഷനോടപ്പം സമർപ്പിക്കേണ്ടതാണ്

അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ് ഇൻ-ചാർജ്

Assistant Professor & Head i/c ... Madakkathara ... 654

പകർപ്പ്-

1. നോട്ടീസ് ബോർഡ്, കശുമാവ് ഗവേഷണകേന്ദ്രം, മാടക്കത്തറ
2. കെ എ യു വെബ്സൈറ്റ്
3. ഗ്രാമപഞ്ചായത്ത് ഓഫീസ്, മാടക്കത്തറ
4. കൃഷിഭവൻ, ഒല്ലൂക്കര
5. വില്ലേജ് ഓഫീസ്, വെള്ളാനിക്കര & മാടക്കത്തറ
6. ഹോർട്ടിക്കൾച്ചർ കോളേജ്, വെള്ളാനിക്കര, നോട്ടീസ് ബോർഡ്
7. കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി, നോട്ടീസ് ബോർഡ്
8. പി പി എൻ എം യു, നോട്ടീസ് ബോർഡ്
9. ബി ആർ എസ്, കണ്ണാറ, നോട്ടീസ് ബോർഡ്
10. ഫാം ഓഫീസ്, സി ആർ എസ്, മാടക്കത്തറ